LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ പദവിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

201(4211) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിലവിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് ന്യൂനപക്ഷ പദവി അനുവദിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിലവിൽ ന്യൂനപക്ഷ പദവി അനുവദിച്ച സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ന്യൂനപക്ഷ പദവി സംബന്ധിച്ച സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകിയിട്ടുള്ള മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

നിലവിൽ അപേക്ഷകളൊന്നും തന്നെയില്ല.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

റിസോഴ്സ് അദ്ധ്യാപകർ

202(4212) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യാപകർ ആകെ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ?

സമഗ്രശിക്ഷ കേരളം എലിമെന്ററി വിഭാഗം (റിസോഴ്സ് ടീച്ചേഴ്സ്) സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് - 1221, സെക്കണ്ടറി വിഭാഗം (റിസോഴ്സ് ടീച്ചേഴ്സ്) സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് - 1083,

ആകെ-304.

(ബി) ഈ അദ്ധ്യാപകർ ഏതെല്ലാം പ്രോജക്ടുകളുടെ കീഴിലാണ് സേവനം അനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സമഗ്രശിക്ഷ കേരളയുടെ കീഴിൽ സേവനം അനുഷ്ഠിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ അദ്ധ്യാപകരുടെ തസ്തിക നിർണ്ണയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലുള്ള സ്കൂൾ എഡ്യൂക്കേഷൻ & ലിറ്ററസി വകുപ്പിന്റെ സമഗ്ര ശിക്ഷ പ്ലാൻ അപ്രൂവൽബോർഡ് (കരാർ വ്യവസ്ഥയിൽ) അതത് വർഷം അംഗീകരിച്ചിട്ടുള്ള എണ്ണം അദ്ധ്യാപകരെ നിയമിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ തസ്തിക നിർണ്ണയം നടത്താനാവില്ല.

ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് പ്രൊമോഷൻ

203(4213) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർ ഗ്രേഡ് പ്രൊമോഷൻ നൽകാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

1-7-17 മുതൽ 31-12-17 വരെ കാലയളവിലുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാർക്ക് ഹയർ ഗ്രേഡ് നൽകി 15-2-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ തീയതിക്ക് ശേഷമുള്ളവർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിന് പ്രൊവിഷണൽ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ ലിസ്റ്റ് 2021 ആഗസ്റ്റ് മാസംതന്നെ പ്രസിദ്ധീകരിച്ച് ഗ്രേഡ് പ്രൊമോഷൻ നൽകുന്നതാണ്.

(ബി) നിലവിൽ എത്രപേർക്ക് ഹയർ ഗ്രേഡ് പ്രൊമോഷൻ നൽകാനുണ്ടെന്നും പ്രസ്തുത പ്രൊമോഷൻ ഉത്തരവ് എന്നത്തേയ്ക്ക് പുറപ്പെടുവിക്കുമെന്നും വിശദമാക്കാമോ?

ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ജീവനക്കാരുടെ പുതിയ സീനിയോറിറ്റി പട്ടിക ഫൈനലൈസ് ചെയ്തതിനുശേഷം മാത്രമേ എത്ര പേർക്ക് ഹയർ ഗ്രേഡ് സ്ഥാനക്കയറ്റം നൽകാനുണ്ട് എന്നുള്ള വിവരം അറിയാൻ സാധിക്കുകയുള്ളൂ. അടുത്ത ഹയർ ഗ്രേഡ് പ്രൊമോഷൻ ഉത്തരവ് 2021 ആഗസ്റ്റ് മാസംതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

എയ്ഡഡ് അദ്ധ്യാപകരുടെ നിയമനാംഗീകാരം

204(4214) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly